287/est/18

## തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ - ശ്രീ. പി. ആർ. സജികുമാർ**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - മലപ്പുറം ജില്ല - ശ്രീ. ലിനീഷ്. കെ, ഒന്നാംതരം ഓവർസിയറുടെ സസ്പെൻഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 06.10.2018 - ലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സസ്പെൻഷൻ ഉത്തരവ്

2) മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.10.2018 - ലെ എ1-09/2018 നമ്പർ റിപ്പോർട്ട്

**ഉത്തരവ് നം. ഇ-15/13507/2018/സിഇ/തസ്വഭവ, തീയതി. 25.10.2018**

മലപ്പുറം ജില്ലയിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ ഒന്നാംതരം ഓവർസിയറായിരുന്ന ശ്രീ. ലിനീഷ്. കെ - യെ പരാമർശം (1) പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സസ്പെന്റ് ചെയ്തിരുന്നു. ടിയാനെ സസ്പെന്റ് ചെയ്ത നടപടിയെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. ലിനീഷ്. കെ, ഒന്നാംതരം ഓവർസിയറുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലായെന്ന് വ്യക്തമാക്കുന്നു. മേൽ സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ ഉത്തരവ് 1960 - ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 10(6) പ്രകാരം ഇതിനാൽ റദ്ദ് ചെയ്യുന്നു. ടിയാനെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യലയത്തിൽ നിന്നും മറ്റൊരു കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റുന്നതിന് ഉത്തരവാകുന്നു.

ശ്രീ. ലിനീഷ് . കെ
ഒന്നാംതരം ഓവർസിയർ
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

**ചീഫ് എഞ്ചിനീയർ**

പകർപ്പ് :

1. സെക്രട്ടറി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, മലപ്പുറം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്
4. ഇ9 സെക്ഷൻ
5. കരുതൽ ഫയൽ

എസ്.എ